# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8190 17.07.2014-ൽ മറുപടിക്ക്

**ജലമണി പദ്ധതി**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ. ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിയിക്ക് എന്തു തുകയാണ് അനുവദിച്ചത്; ഏത് വർഷമാണ് അനുവദിച്ചത്; | എ | ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിയിക്ക് 2,56,40,000/- രൂപ ( രണ്ട് കോടി അൻപത്തിയാറുലക്ഷത്തി നാൽപ്പതിനായിരം രൂപ) 2009 ലാണ് അനുവദിച്ചത്. |
| ബി. പദ്ധതി നടത്തിപ്പിനായി എത്ര സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി; | ബി. | പദ്ധതി നടത്തിപ്പിനായി 1282 സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ആകെ 894 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തി. |
| സി 2009 ൽ ജലമണി പദ്ധതിയുടെ ഫണ്ട് ലഭിച്ചിട്ടും ലക്ഷ്യമിട്ട സ്കൂളുകളിൽ ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;<br>ഡി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | സി യും ഡി യും | ജലമണി പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് സർക്കാർ തീരുമാനിച്ചത്. ഇതിനായി 27.08.2010 ൽ ദർഘാസുകൾ വിളിച്ചു. ദർഘാസ് പ്രകാരം രണ്ട് കമ്പനികളെ (1. മെമ്മറൈൻ ഫിൽ റ്റേഴ്സ്, പൂനയും, 2. അമര അക്വാ സിസ്റ്റം, ഈറോഡ്) തെരഞ്ഞെടുത്തുവെങ്കിലും product liability insurance ഇല്ലാത്തതിന്റെ പേരിൽ രണ്ടാമത്തെ കമ്പനിയെ ഉപേക്ഷിക്കുകയും മെമ്മറൈൻ ഫിൽ റ്റേഴ്സിന് 31.01.2011 ൽ സപ്ലൈ |

ഓർഡർ നൽകുകയുണ്ടായി. അവർ 396 സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചു. രണ്ടാം ഘട്ടത്തിൽ 886 സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനായി ടെണ്ടർ വിളിച്ചുവെങ്കിലും ആരും ദർഘാസ് സമർപ്പിച്ചില്ല. വീണ്ടു ദർഘാസ് വിളിച്ചപ്പോൾ ഒരു കമ്പനി മാത്രമേ ദർഘാസ് സമർപ്പിച്ചുള്ളൂ. ഈ കമ്പനി തമിഴ്നാട് സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചതായതിനാൽ അവിടെയുള്ള യൂണിറ്റുകളുടെ പ്രവർത്തന നിലവാരം പഠിക്കുവാനായി രണ്ട് ഓഫീസർ മാരെ ഏൽപ്പിക്കുകയും അവരുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കമ്പനിയുടെ ഫിൽറ്ററുകളിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാരം മോശമാണെന്ന കണ്ടെത്തുകയാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയുണ്ടായി. അതിനു ശേഷം കേന്ദ്ര സർക്കാരിന്റെ വെണ്ടേഴ്സ് ലിസ്റ്റിലുള്ള ഒൻപതു കമ്പനികളെ അവരു പ്രോഡക്ടിനെപ്പറ്റി പഠിക്കുവാനായി വിളിക്കുകയും അതിൽ പ്രതികരിച്ച മൂന്നു കമ്പനികളുടെ ഫിൽറ്ററുകൾ ഓരോ സ്കൂളിനും അനുയോജ്യമായ പ്രോഡക്ട് സെലക്ടു ചെയ്യുവാനായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരെ ചുമതലപ്പെടുത്തുകയുണ്ടായി. ഇപ്രകാരം 498 സ്കൂളുകളിൽ 730 ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി.

പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാനായി സ്റ്റേറ്റ് ലവൽ കമ്മിറ്റി രൂപീകരിച്ചിരുന്നു.

സെക്ഷൻ ഓഫീസർ